Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 03 | 2019 ജനുവരി 20 | 1194 മകരം 06

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"പൗർണ്ണമിക്ക് വ്രതമനുഷ്ഠിക്കുന്നത് മുഖ്യമായും പിതൃശുദ്ധിക്കുവേണ്ടിയാണ്. നമ്മുടെ ഇടയിൽനിന്ന് ഭക്തനായി കഴിഞ്ഞുപോകുന്ന പിതൃവിന് കറുത്തവാവ് ദിവസത്തെ ബലി ഫലിക്കുകയില്ല. ഗുരുവുണ്ടെങ്കിൽ ഈ ബലിയുടെയൊന്നും ആവശ്യം തന്നെയില്ല.. "

# പൂജിതപീഠം സമർപ്പണം

## വ്രതസങ്കല്പ പ്രാർത്ഥനകൾക്ക് തുടക്കമായി

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള 41 ദിവസത്തെ വ്രതസങ്കല്പ പ്രാർത്ഥനകൾക്ക് ജനുവരി 13 ന് തുടക്കമായി. വ്രതസങ്കല്പങ്ങളുടെ പ്രാരംഭമായി ജനുവരി 14 ന് വൈകുന്നേരം 6 മണിയുടെ ആരാധനയ്ക്കുശേഷം അഭിവന്ദ്യ ശിഷ്യപൂജിത പരമ്പരയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. എല്ലാദിവസവും രാവിലെ ആശ്രമത്തിൽ പുഷ്പസമർപ്പണവും തുടർന്ന് പ്രാർത്ഥനാലയം, പർണശാല, സഹകരണമന്ദിരം പ്രദക്ഷിണം വച്ചുള്ള പ്രാർത്ഥനയും നടന്നുവരുന്നു. ആശ്രമം ബ്രാഞ്ചുകളിലും പുഷ്പസമർപ്പണം ആരംഭിച്ചു.

പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റുതല സത്സംഗങ്ങൾ നടക്കുന്നു. ശാന്തിഗിരി ശാന്തിമഹിമയുടെയും ശാന്തിഗിരി ഗുരുമഹിമയുടെയും നേതൃത്വത്തിൽ യുവജന ക്യാമ്പുകളും സംഘടിപ്പിച്ചിരുന്നു. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ നേതൃത്വത്തിൽ 12 യൂണിറ്റുകളിലും നടക്കുന്ന സത്സംഗങ്ങൾക്ക് അടുത്തയാഴ്ച തുടക്കമാകും. ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരിയിൽ ബോധവത്കരണ ക്ലാസ്സുകൾ നടക്കും.

ആഘോഷത്തോടനുബന്ധിച്ച് ഫെബ്രുവരി ആദ്യവാരം ഏരിയ സമ്മേളനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കും. വിഭവ സമാഹരണവും ഉണ്ടായിരിക്കും. ആശ്രമം ഏരിയ ഓഫീസുകളുടെ ചുമതലയിലാണ് പ്രചരണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഫെബ്രുവരി 22 ന് നടക്കുന്ന പൂജിതപീഠം സമർപ്പണ വാർഷികം വിപുലമായി ആഘോഷിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആശ്രമത്തിൽ നടന്നുവരുന്നു.

### പൂജിതപീഠം സമർപ്പണം സങ്കല്പം

എന്റെ കുടുംബത്തോടെയുള്ള ദോഷവശങ്ങളും എന്റെ കർമ്മഗതിയിൽപ്പെട്ട ദോഷവശങ്ങളും മാറ്റി എന്തു നന്മയാണോ കിട്ടേണ്ടത് കിട്ടണേ ഗുരുവേ അപ്പാ.



*ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ ചൈനയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ധാരണാപത്രത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും സിയാംഗ് ഡിംഗോയും ഒപ്പുവച്ചപ്പോൾ*

# ശാന്തിഗിരി ആശ്രമം പ്രവർത്തനങ്ങൾ ചൈനയിലേക്ക് വ്യാപിപ്പിക്കും

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ചൈനയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചു. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും ചൈന ഗ്യൂയിലക്സൻ സയൻസ് ടെക്നോളജി ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ ജനറൽ സിയാംഗ് ഡിംഗോയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ശാന്തിഗിരി ആയുർവേദ സിദ്ധ ആശുപത്രികളും മരുന്നുല്പാദനവും ഗവേഷണ കേന്ദ്രങ്ങളും ചൈനയിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനായി ആശ്രമം പ്രതിനിധികൾ നേരത്തെ ചൈന സന്ദർശിച്ചിരുന്നു. ഇതിനെത്തുടർന്നാണ് ജനുവരി 12ന് ചൈനീസ് സംഘം ആശ്രമം സന്ദർശിച്ചത്. സംഘവുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് ധാരണാപത്രം ഒപ്പുവയ്ക്കാൻ തീരുമാനിച്ചത്.

ആശ്രമത്തിൽ നടന്ന ചടങ്ങിൽ സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി വത്സലൻ ജ്ഞാന തപസ്വി, പ്രൊഫ യാവോ ചൗ ചെൻ, ഡോ. കേശവൻ രാജശേഖരൻ നായർ, ഡോ. കെ ഗോപിനാഥൻ പിള്ള, ഡോ. ബി രാജ്കുമാർ, ജി ജനാർദ്ദനമേനോൻ, സബീർ തിരുമല, ഡോ.പി ഹരിഹരൻ, തുടങ്ങിയവർ പങ്കെടുത്തു. ചൈനീസ് സംഘം ആശ്രമത്തിലെ വിവിധ യൂണിറ്റുകളും സന്ദർശിച്ചു.

# സ്വദേശ് ദർശൻ പദ്ധതിയിൽ ശാന്തിഗിരിയും

**തിരുവനന്തപുരം:** കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ശാന്തിഗിരി ആശ്രമത്തെയും ഉൾപ്പെടുത്തി. ആത്മീയകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. സ്വദേശ് ദർശൻ പദ്ധതിയുടെ ഉദ്ഘാടനം ജനുവരി 15 ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീപത്മനാഭസ്വാമി ക്ഷേത്ര സന്നിധിയിൽ വച്ച് നിർവ്വഹിച്ചിരുന്നു. ഗവർണർ പി സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുൾപ്പെടെയുള്ള പ്രൗഢഗംഭീരമായ വേദിയെ സാക്ഷിനിർത്തിയാണ് പ്രധാനമന്ത്രി പദ്ധതിക്ക് തുടക്കം കുറിച്ചത്.

കേരളത്തിലെ 133 സ്ഥാപനങ്ങളെയാണ് ഇത്തവണ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചരിത്രവും സാംസ്കാരികവും മതപരവുമായ പ്രാധാന്യം കണക്കിലെടുത്താണ് ആത്മീയകേന്ദ്രങ്ങളെ തെരഞ്ഞെടുത്തതെന്ന് കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം അറിയിച്ചു. അന്നദാന മണ്ഡപം, കമ്മ്യൂണിറ്റി ഹാൾ, വിവിധോദ്ദേശ്യ ഹാൾ, ശൗചാലയങ്ങൾ, പാർക്കിംഗ് സ്ഥലം, സൗന്ദര്യവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പണം അനുവദിക്കുക. സംസ്ഥാനത്തെ ഏഴ് ക്ലസ്റ്ററുകളായി തിരിച്ചാണ് ഈ കേന്ദ്രങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 61.80 ലക്ഷം രൂപയാണ് സ്വദേശ് ദർശൻ പദ്ധതിപ്രകാരം ആശ്രമത്തിന് അനുവദിച്ചിട്ടുള്ളത്.

# ചുമതലകൾ പുനക്രമീകരിച്ചു

**സ്പിരിച്വൽ സോൺ:** ജനുവരി 14 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഗുരുധർമ്മപ്രകാശ സഭ അംഗങ്ങളുടെ ചുമതലകളിൽ ചുവടെ ചേർത്തിരിക്കുന്ന മാറ്റം വരുത്തുന്നതിന് തീരുമാനിച്ചു.

**സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, വയനാട് ഏരിയ

**സ്വാമി മധുരനാദൻ ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, തലശ്ശേരി ഏരിയ, അഡീഷണൽ ചാർജ് – ശാന്തിഗിരി ആശ്രമം, കണ്ണൂർ ഏരിയ, ശാന്തിഗിരി ആശ്രമം, മൈസുരു റീജിയൺ

**സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, സർജാപൂർ റോഡ് ബ്രാഞ്ച്, അഡീഷണൽ ചാർജ് – പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ്

**സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ഫിനാൻസ്, അഡീഷണൽ ചാർജ് – മാർക്കറ്റിംഗ്, ശാന്തിഗിരി ഹെൽത്ത് കെയർ പ്രോഡക്ട്സ്

**സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, കോട്ടയം ഏരിയ, അഡീഷണൽ ചാർജ് – ശാന്തിഗിരി ആശ്രമം, ആലപ്പുഴ ഏരിയ (സിറ്റി)

**സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി** – ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, വടകര ഏരിയ, അഡീഷണൽ ചാർജ് – ശാന്തിഗിരി ആശ്രമം കാസർകോട് ഏരിയ, ശാന്തിഗിരി ആശ്രമം പാലക്കാട് ഏരിയ

**ഗിരീഷ് ഇ** – കോർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം, എറണാകുളം ഏരിയ (സിറ്റി), അഡീഷണൽ ചാർജ്– ശാന്തിഗിരി ആശ്രമം, പള്ളുരുത്തി ഏരിയ

**അനൂപ് ടി.പി** – കോർഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി ആശ്രമം ചേർത്തല ഏരിയ, അഡീഷണൽ ചാർജ് – ശാന്തിഗിരി ആശ്രമം, മൂവാറ്റുപുഴ ഏരിയ

കൂടാതെ ജയചന്ദ്രൻ വി എസ് (ചന്ദ്രൻ), ഗുരുചന്ദ്രിക. വി, ശാലിനി പൃഥ്വി, അനിതാറാണി എ എന്നിവരെ ബ്രഹ്മചാരി – ബ്രഹ്മചാരിണി സംഘത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

# ഗുരുവാണി

മഹാത്മാക്കളുടെ യത്നം സഫലീകരിക്കുന്നതിനാണ് ദൈവം നമുക്കീവഴി പ്രദാനം ചെയ്തിരിക്കുന്നത്. ഗൃഹസ്ഥാശ്രമികളിലും കുട്ടികളിലും കൂടി ഇതനുഭവപ്പെടുന്നു. നിങ്ങളുടെ സഹോദരങ്ങളെത്തന്നെ അനുഭവത്തിനു തെളിവായി കാണിക്കാം. ഇതു കൈയിൽ എടുത്തുകാണാനാവില്ല. പതിനേഴരക്കൊല്ലമായി ഓരോ വാക്കായി പറഞ്ഞുതന്നത് ഇവിടെ കുറിച്ചുവച്ചിട്ടുണ്ട്. ഇപ്പോളത് പുറത്തെടുക്കാനാവില്ല. എന്റെ കാലശേഷം ആരെങ്കിലുമുണ്ടാകുമെങ്കിൽ അവരതു ചെയ്യും.

നിങ്ങളുടെ കുടുംബത്തോടെയുള്ള പിതൃക്കളെ ശുദ്ധമാക്കണം. അതിനാണ് ഇവിടുത്തെ ഗുരുപൂജ. നിങ്ങളുടെ പിതൃത്വം നഷ്ടപ്പെട്ട് സന്താനം പിഴച്ചുപോയതാണ്. മക്കൾക്ക് ബുദ്ധിയും കഴിവുമുണ്ട്. പക്ഷേ അവരുടെ വൃത്തികേടും ഹീനതയും കൊണ്ട് അച്ഛനും അമ്മയ്ക്കും ഇറക്കാനും വയ്യ, തുപ്പാനും വയ്യ എന്ന അവസ്ഥയാണ്. ഈ നിലയിൽ നിന്ന് അവരെ മാറ്റാൻ പ്രയാസമാണ്. അവരെ ഉപദേശിക്കാം, അവർക്കുവേണ്ടി പ്രാർത്ഥിക്കാം, അത്രയേ കഴിയൂ. ഇനി ജനിക്കുന്ന കുട്ടികളിൽ ഈ ദോഷം കാണുകയില്ല.

പിതൃക്കളുടെ ദോഷംമാറ്റി പ്രകാശത്തിൽ ലയിപ്പിക്കുന്ന ഈ സമ്പ്രദായം ഇന്ത്യയിൽ എന്നല്ല, ലോകത്തൊരിടത്തും ഇല്ല. ദേവീദേവന്മാർ എന്താണെന്നു കണ്ട് ആരാധനമൂർത്തിയെപ്പിടിച്ച് ആ പ്രകാശത്തെ പിടിക്കുക. ഇന്ത്യക്കകത്തും പുറത്തും ഒരു സമ്പ്രദായക്കാരനും ചെയ്യാനാവാത്ത കർമ്മമാണിത്. ഇതിനെ പിടിക്കണമെങ്കിൽ ഈശ്വരാനുഗ്രഹം വേണം.

യോഗാഗ്നി എന്നുപറയുന്ന ഒന്നുണ്ട്. ആ സ്ഥാനത്ത് ഈശ്വരപ്രകാശത്തിൽ നിങ്ങളുടെ വീടോടെയുള്ള ദോഷത്തെ ദഹിപ്പിക്കുന്നു. പിന്നീടുള്ള പ്രകാശത്തെ ഈശ്വരനിലണച്ച് പകരം ഗുരുവിനെ ആരാധനയ്ക്ക് തരും. ഗുരുനാമത്തിൽ ഈശ്വരഭജനചെയ്ത് പുണ്യം സമ്പാദിച്ച് തുടങ്ങുമ്പോൾ നിങ്ങൾ തകിടംമറിഞ്ഞെന്നുതന്നെവരാം. കാരണം നിങ്ങൾ അധഃപതിച്ച സന്താനമാണ്. പുണ്യാംശം സമ്പാദിക്കുമ്പോൾ ശരീരവും മനസ്സും നൊന്ത് അനവധി വിഷമങ്ങളുണ്ടാവും. രക്തവും മജ്ജയും മാംസവും ചൂടുപിടിക്കും. വിനയവും സത്യവും യോഗ്യതയും അറിവും ആരാധനാ സ്വാതന്ത്ര്യവുമില്ലാതെ അധഃപതിച്ചുപോയ മക്കളെ എങ്ങനെ തിരുത്തും? നമ്മളെന്തുണ്ടാക്കുന്നുവോ, അതിനെ അവർ തല്ലിപ്പൊളിക്കും. ഗുരുപൂജയ്ക്കുശേഷം തടസ്സമില്ലാത്ത ജനനസന്നിധിയിൽ നിന്നുണ്ടാകുന്ന കുട്ടികൾ പതിനാറു വയസ്സാകുമ്പോൾ ഒരു പ്രത്യേക സ്വഭാവക്കാരാകും. ഇരുപത്തിയഞ്ചാം വയസ്സിൽ അവർ എല്ലാറ്റിനെയും തിരുത്തിയെഴുതും. വേണ്ടതെന്തോ അതു കണ്ടെത്തുകയും ചെയ്യും.അതിനുള്ള ശ്രമമാണിത്. ഈ തടസ്സംമാറി ജനിക്കുന്ന കുട്ടികൾ ബുദ്ധിപൂർവ്വം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അങ്ങനെ രാജ്യത്തെ അവർ വീണ്ടെടുക്കും. നമ്മൾ അതിനു ചില അറിവുകൾ കൊടുക്കുകയേ വേണ്ടൂ.

രാജ്യത്ത് ശാന്തിയും സമാധാനവും വളർത്തണം. ജാതിമതഭേദമന്യേ അതിനു വാശിയിൽ പ്രവർത്തിക്കുന്നവരായിരിക്കും ഈ മക്കൾ. ഹിന്ദുവോ ക്രിസ്ത്യാനിയോ മുസ്ലീമോ എന്ന വ്യത്യാസമില്ലാതെ ഭാരതീയനെന്ന വാശിയിൽ ഈ മക്കളെ വളർത്തിയെടുക്കണം. ഇതിന് വിദ്യാകേന്ദ്രം, തൊഴിൽ കേന്ദ്രം ഇവ അത്യാവശ്യമാണ്. ഈ കേന്ദ്രങ്ങളിൽക്കൂടി ധനവും പ്രബുദ്ധതയും രാജ്യഭരണവും എല്ലാമെല്ലാം സമ്പാദിക്കാനാവും. അത്ര ദുരെക്കൂട്ടിയുള്ള കാര്യമാണിത്.

ഇതിനുവേണ്ടി ദൈവം നമുക്ക് തന്നിരിക്കുന്നത് ദർശനസ്വഭാവമാണ്. ആദ്യം ദേവീദേവന്മാരും ഋഷിസംന്യാസിമാരും വന്നു. ദേവീദേവന്മാരെക്കൊണ്ട് പലതും ചെയ്യിച്ചു. അവർ പറഞ്ഞതനുസരിച്ചു. പച്ചിലയും കത്രികയും എന്നപോലെ ഫലിച്ചു. ഒന്നുമറിയാത്തവർ എന്നെ മന്ത്രവാദിയെന്നു വിളിച്ചു. ഇതെന്താണെന്ന് അന്വേഷിച്ചറിയാൻ ആരുംമിനക്കെട്ടില്ല. ഇങ്ങനെ ഏകദേശം മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ ചില അവഹേളനാസ്വഭാവം വന്നുതുടങ്ങി. ചിലത് ഒത്തു. ചിലത് ഒക്കാതെയായി. പറയുന്ന ദിവസത്തിനും പത്തു ദിവസംമുമ്പ് തീരാവ്യാധികൾ തീരുകയായിരുന്നു പതിവ്. വെറും ഭസ്മവും വെള്ളവുമാണ് കൊടുക്കുന്നത്. പക്ഷേ പിന്നീട് തീരാതെയായി.

കുട്ടികളെക്കൊണ്ടിത് ചെയ്യിപ്പിക്കണം എന്ന് എനിക്ക് കിട്ടിയ വാക്കനുസരിച്ച് കുട്ടികളാണിത് ചെയ്യുന്നത്. ഇതു ലോകമക്കൾക്കുവേണ്ടിയാണെന്നാണെന്നോട് പറഞ്ഞത്. ഞാൻ കള്ളത്തരം ചെയ്യുന്നില്ല. എന്റേതായിട്ടൊന്നും ചെയ്യുന്നില്ല. എനിക്ക് താടിയും മുടിയും ജഡയുമില്ല, മന്ത്രവും തന്ത്രവുമില്ല. എന്റെ ഈശ്വരൻ തന്ന ഭസ്മം കൊണ്ട്, വായിൽക്കിടക്കുന്ന നാക്കുകൊണ്ട് ചെയ്യുന്നതാണ്. നിങ്ങൾക്ക് വേണമെങ്കിൽ ഇതു സ്വീകരിക്കാം. ഇനിയിതു നിങ്ങളാണ് നടപ്പിലാക്കേണ്ടത്.

## വചനദീപ്തി

*ഈ ഭൂലോകത്തിൽ ബഹുവിധ ജീവകോടികൾ വസിക്കുന്നതു പോലെ ഗന്ധം, ശീതം, ഉഷ്ണം ഈ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും അനന്തജീവകോടികളിരിക്കുന്നു.*

**-ശ്രീനാരായണഗുരു-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

24.01.2019 – ശാന്തിപുരം, രത്നഗിരി, സ്നേഹപുരം

## യാമപ്രാർത്ഥന

2019 ജനുവരി 24, വ്യാഴം 12.00 pm – 03.00 pm



# അനുഭവസിദ്ധാന്തം

നമ്മുടെ ഇന്ത്യയിൽ എന്നല്ല, ലോകത്തിന്റെ പലഭാഗത്തും പല ആത്മീയപ്രസ്ഥാനങ്ങളും പല ആത്മീയസ്വഭാവങ്ങളും കാണും. അതൊക്കെ സത്യമെന്നും അസത്യമെന്നും വിചാരിക്കുന്നവരുണ്ട്. അങ്ങനെയല്ല. അതിനെല്ലാം അതിന്റേതായ തൂക്കത്തിൽ വലുപ്പമുണ്ട്. മറ്റൊന്ന് ഓരോ ആശ്രമസ്വഭാവത്തിൽ പൂജിച്ചും ക്ഷേത്രസ്വഭാവത്തിലും ഭജനമഠത്തിലും ഭജനമഠം കഴിഞ്ഞ് ക്ഷേത്രവും ക്ഷേത്രം കഴിഞ്ഞ് ആശ്രമസ്വഭാവത്തിലും എത്തുമ്പോൾ ആ ആശ്രമത്തിൽ ഇരിക്കുന്ന ആൾ ഏതിനെയാണ് പൂജിക്കുന്നത് അല്ലെങ്കിൽ എന്തിനെയാണ് ആ ആശ്രമത്തിൽ ഇരിക്കുന്ന മഠാധിപതി ആരാധിക്കുന്നതെന്ന് നാം ചിന്തിക്കണം. പിന്നെ ശാക്തേയം, ശൈവം, വൈഷ്ണവം അല്ലെങ്കിൽ ബ്രഹ്മാ-വിഷ്ണു-മഹേശ്വര എന്നു പറയുന്ന ഭാഗത്ത്, അല്ലെങ്കിൽ നബിതിരുമേനിയുടെ വശവും അല്ലെങ്കിൽ കാരുണ്യവാനായ യേശുവിന്റെ വശവും, അതല്ല മഹാൻമാർ ഇങ്ങനെ ഭൂലോകത്തിൽ ഏതെല്ലാം വിഭാവനം ചെയ്തു വന്നിട്ടുണ്ടോ അതെല്ലാംതന്നെ നാം അംഗീകരിച്ചും അംഗീകരിക്കാതെയും ഒക്കെ ചെയ്യുന്ന ഒരു ഭാഗം ഉണ്ട്. അതങ്ങനെയിരിക്കട്ടെ. നമ്മുടെ സ്വഭാവം അതല്ല. അതിനെയെല്ലാം സ്നേഹത്തോടുകൂടിയും അനുഭവത്തോടുകൂടിയും ആത്മസമർപ്പണത്തോടുകൂടിയും കണ്ടിട്ട്, ആ ത്യാഗത്തെ കണ്ടിട്ട് ആ ത്യാഗം അനുഭവിച്ചറിയുകയാണ്. അതാണ് 'സങ്കല്പമാത്രേണ പരമേശ്വരഃ' എന്നു പറയുന്ന ഭാഗം. ദർശനം എന്നു പറയുന്ന ഒരു സ്വഭാവമുണ്ട്. എന്താണ് ഈ ദർശനം? സ്ഥൂല-സൂക്ഷ്മകാര്യങ്ങളിലെ കാരണങ്ങൾ കണ്ടിട്ട്, ഇപ്പോൾ നീ എന്ത്; കഴിഞ്ഞുപോയതെന്ത്; ഇനി വരാനിരിക്കുന്നതെന്ത്; എന്നു കണ്ടിട്ട് ഈ ദേവന്റെ കീഴിലുള്ളതും ഋഷിയുടെ കീഴിലുള്ളതും അതല്ല 'പേയ്' മുതൽ യക്ഷി-ഗന്ധർവ്വ-കിന്നരാദികളുടെ കീഴിലുള്ളതും അങ്ങനെ അവസ്ഥാന്തരങ്ങൾ കടന്നിട്ട് ഒരു സന്ന്യാസിയുടെ സ്വഭാവത്തിലെത്തണം. ഈ സന്ന്യാസി ഒരു ദേവന് അതീതനാണോ അതല്ല ഒരു ഋഷിക്ക് അതീതനാണോ അല്ലെങ്കിൽ ദേവൻ എവിടെ നിൽക്കുന്നു, ഋഷി എവിടെ നിൽക്കുന്നു – സന്ന്യാസി എവിടെ നിൽക്കുന്നു എന്ന് അനുഭവസിദ്ധാന്തം കൊണ്ടറിയണം. അതാണ് ഒരു ദീർഘദർശി.

( '**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**' അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സത്യാവിഷ്കാരം, അതിൽ കലയുടെ പ്രസക്തി

സത്യം സാക്ഷാത്കരിക്കാനുള്ള ആഗ്രഹം ജീവന് സ്വതഃസിദ്ധമാണ്. മാത്രമല്ല അത് ഒരു അവകാശവുമാണ്. എന്നാൽ പൂർവവാസനകളും അതിനൊത്ത കർമ്മശൈലികളും ഇക്കാര്യം ദുഷ്കരമാക്കുന്നു. മാത്രമല്ല, സത്യം സാക്ഷാത്കരിച്ച ജ്ഞാനി അതനുഭവപ്പെടുത്തിത്തരുമ്പോഴും അതുവേണ്ടവണ്ണം വിനയപ്പെട്ടെടുക്കാൻ എതിർവാസനകൾ തടസ്സം നിൽക്കുകയും ചെയ്യുന്നു. അറിഞ്ഞാലും ഉൾക്കൊള്ളാനാവാത്ത ഒരു ദുർഘടവ്യവസ്ഥയാണിത്. ഈ വാസനാമയമായ പ്രതിരോധദുർഗത്തെ ബലപ്പെടുത്തുന്ന ശക്തമായ മറ്റൊന്നുകൂടിയുണ്ട്. ഗോത്രശുദ്ധിയെന്നോ പിതൃശുദ്ധിയെന്നോ അറിയപ്പെടുന്ന പാരമ്പര്യ ശുദ്ധിയുടെ അഭാവം. പൂർവപിതൃക്കൾ നീചരാശി പ്രാപിച്ചു നിൽക്കുകയാൽ സദ്വാസന ജന്മസിദ്ധമായി ലഭിക്കുന്നില്ല. മറിച്ച് ദുഷ്പ്രേരണകൾ ബലപ്പെട്ടു നിൽക്കുകയും ചെയ്യുന്നു. ഗോത്രശുദ്ധി ഇല്ലാത്തതിനാൽ, ജന്മമെടുത്തവന് ഗോത്രശുദ്ധി അഥവാ പാത്രശുദ്ധി നേടാനും പ്രയാസമായിരിക്കുന്നു. നന്മപുലരുന്ന, നന്മപുലർത്തുന്ന ആശയങ്ങൾ പകരാനോ നന്മയേറിയ ആത്മാക്കൾക്കു ജന്മം നൽകാനോ പാത്രശുദ്ധി ആവശ്യമായിരിക്കുന്നു. ശുദ്ധിയില്ലാത്ത പാത്രങ്ങളിൽ നല്ല വിഭവങ്ങൾ തന്നെ പകർന്നാലും ക്ലാവും മറ്റു മാലിന്യങ്ങളും അവയെ മലിനമാക്കുകയേ ഉള്ളൂ. അതിനാൽ മഹാത്മാക്കൾക്ക് ജന്മമെടുക്കാനോ മോചനമാർഗ്ഗത്തിലെത്താനോ പ്രയാസമേറിയ ചുറ്റുപാടാണുള്ളത്. അടച്ചുപിടിച്ച കാതുകളിലേക്കു മധുരസംഗീതം പകരാനാവാത്തപോലെ അജ്ഞാനബന്ധത്തിൽ ആനന്ദം കണ്ടെത്തുന്ന മനസ്സിലേക്കു ജ്ഞാനാനുഭൂതി കടത്തിവിടുക ദുഷ്കരം തന്നെ.

സത്യം ഒന്നേയുള്ളൂ. എന്നാൽ അതിന്റെ വിവിധതലങ്ങൾ വിലയിരുത്തിക്കാണാനാവാത്ത സന്ദർഭത്തിൽ കണ്ടതിനപ്പുറം ഒന്നുമില്ലെന്ന ധാരണ സംഭവിച്ചുപോകുന്നു. കണ്ടിടത്തോളം പറഞ്ഞാലും അത് ആദരിച്ചെടുക്കാൻ മനുഷ്യർക്കു വാസനയുമില്ല. പ്രവർത്തിക്കുന്നതാവട്ടെ തിരസ്കാരത്തിന്റെയോ നിഷേധത്തിന്റെയോ അധമവാസനകളാണുതാനും. ആത്മീയാനുഭവങ്ങളുടെ വശത്തായാലും ഭൗതികശാസ്ത്രപര്യവേക്ഷണങ്ങളുടെ വശത്തായാലും സത്യാന്വേഷകർക്കു സമകാലീനരിൽനിന്നു നേരിടേണ്ടിവരുന്ന എതിർപ്പിന്റെ പശ്ചാത്തലമിതാണ്. യുക്തിവാദമല്ല സത്യബോധവും ബോധനവും ആണ് ഇവിടെ പ്രസക്തം. അതിന്റെ അന്വേഷണമാകണം കലയുടെ ലക്ഷ്യം. രൂപസൗഭാഗ്യത്തിനും ഭാവദൗർബല്യത്തിനും നിർവചിക്കാനാവാത്ത ആത്മീയ ഭാവനാവിശേഷമായിരിക്കണം ഈ അന്വേഷണത്തിന്റെ ഉപാധി. ആ അന്വേഷണം വന്നു മുട്ടുന്നത് കാരുണ്യത്തിന്റെ വാതിൽക്കലാണ്. അതു തുറന്നുവരുന്ന അനിർവചനീയമായ സ്നേഹപ്രകാശത്തിൽ സത്യത്തിന്റെ മാർഗം തെളിയുന്നു. ഇതു ഗുരുമാർഗമാവുന്നു. ഇന്നോളം വന്നുപോയിരിക്കുന്നതും ഇന്നു നിലവിലിരിക്കുന്നതും മാളെ ഉരുത്തിരിഞ്ഞു വരേണ്ടതും എല്ലാം ലഭിക്കുന്ന വഴി ഇതാണ്. മാത്രമല്ല യുഗാന്തരങ്ങളുടെ കർമ്മദോഷങ്ങളിലും തന്മൂലമുണ്ടായിരിക്കുന്ന ദുർവാസനകളിലും നിന്നുള്ള പൂർണ്ണമായ വിമോചനത്തിന്റെ വഴിയും ഇതുതന്നെ. സത്യത്തിന്റെ ചരിത്രം ഉണർത്തി എടുക്കാനുള്ള വഴിയും ഇതുതന്നെ. ആദിയും അന്തവും നിൽവചിക്കാനാവാത്ത കാലം. സ്ഥൂലസൂക്ഷ്മങ്ങളുടെ അപാരതകൾ.

മനുഷ്യചേതനയ്ക്ക് ഉദ്ബുദ്ധത പകരാനും മനുഷ്യമനസ്സിലും തദ്വാരാചിന്തകളിലും നൈർമല്യം പുലർത്താനും ഉള്ള ഉത്തമോപാധികളെന്ന നിലയിൽ സാഹിത്യം, സംഗീതം, ചിത്രരചന, നാടകം തുടങ്ങിയ കലകൾക്കള്ള പ്രാവീണ്യവും പ്രാധാന്യവും നിഷേധിക്കാനാവില്ല. അധമവാസനകളെ തൊട്ടുണർത്തിയും വൈകാരികമായ ചാഞ്ചല്യം ഉളവാക്കിയും ആഹ്ലാദത്തിന്റെയും വിനോദത്തിന്റെയും പേരിൽ അരങ്ങു തകർക്കുന്ന കലാസൃഷ്ടികൾ സംസ്കാരത്തിന്റെ ഈടുവയ്പുകളെന്ന ഊറ്റം കൊള്ളുന്നു.

യാഥാർത്ഥ്യം ആലോചിച്ചാൽ മാനസികമായ അടിമത്വവും സാംസ്കാരികമായ താഴ്ചയും വരുത്തിവയ്ക്കുന്ന ഈദൃശകർമ്മങ്ങൾ വിമോചനത്തിനെതിരായ ദുഷിച്ച കർമ്മശേഷികളിലാണ് മനുഷ്യനെ എത്തിക്കുക. ഇതിന്റെ ദോഷഫലങ്ങളെക്കുറിച്ച് ആരും അറിയുന്നില്ല എന്നതും ദുഃഖകരമാണ്. അമ്മാതിരി ദുഷ്കർമ്മഗതികളിൽനിന്ന് കലയും സാഹിത്യവും മോചിതമാകണമെങ്കിൽ ഉദാത്തമായ ആശയങ്ങൾ ആവിഷ്കരിക്കുന്ന ശുഭകരമായ ഉപാധികളായി അവ മാറണം. കലയിലെ കർമ്മശുദ്ധി നേടേണ്ടത് അപ്രകാരമാണ്. നന്മയിലെക്ക് നയിക്കുന്ന ആശയത്തിൽ വാഹകയജ്ഞം നടത്തുന്ന കലാരംഗം അപ്രകാരം ശുദ്ധമാകും എന്നു മാത്രമല്ല, മനുഷ്യസമൂഹത്തിനു നിസ്തുലമായ സേവനം കാഴ്ചവയ്ക്കാനും അങ്ങനെ കഴിയും.

ആരോഗ്യപരിചയം

**ഗിരീഷ്. പി. ജി** ബി.എ.എം.എസ്
ശാന്തിഗിരി ആയുർവേദ ആൻഡ്
സിദ്ധ ഹോസ്പിറ്റൽ, കുമിളി

# മനസ്സിനും ശരീരത്തിനും ബുദ്ധിക്കും ഉത്തമം ബ്രഹ്മി

എല്ലാവിധ മാനസികരോഗങ്ങളുടെയും വൈരി എന്നറിയപ്പെടുന്ന 'ബ്രഹ്മി 'ബഹുവർഷിയായ പടരുന്ന ഒരു വള്ളിച്ചെടിയാണ്. സാധാരണയായി തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും നനവുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന ഈ ഔഷധം യൂറോപ്, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലും കാണപ്പെടുന്നുണ്ട്.

ശാസ്ത്രനാമം: ബകോപ മൊന്നിയേരി (Bacopa Monnieri)

സസ്യകുടുംബം: സ്ക്രോഫ്ഫറിയേസി (Scrophuariaceae)

മനസ്സിന്റെ ഒരു ശ്രേഷ്ഠ ഔഷധമായ ബ്രഹ്മി ഓർമ്മശക്തിയെ വർധിപ്പിക്കാനും ശ്രദ്ധകേന്ദ്രീകരണശക്തി വർധിപ്പിക്കാനും സഹായിക്കുന്നു. ബുദ്ധിപരമായ എല്ലാപ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന സാധകപിത്തത്തിന്റെ ഗുണനിലവാരത്തിനെ മെച്ചപ്പെടുത്തി തലച്ചോറിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നു. ത്രിദോഷങ്ങളെ സമാവസ്ഥയിൽ നിലനിർത്താനുള്ള കഴിവ് ബ്രഹ്മിക്കുണ്ട്. കൂടാതെ ശരീരത്തിന്റെ ലസികാ വ്യവസ്ഥ, രക്തചംക്രമണവ്യവസ്ഥ, നാഡീവ്യൂഹം, ദഹനവ്യവസ്ഥ, എന്നിവയെയെല്ലാം ആരോഗ്യത്തോടെ നിലനിർത്താനുള്ള കഴിവുമുണ്ട്.

ആയുർവേദപരമായി ഹൃദയവും മനസ്സും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. അതിനാൽതന്നെ ബ്രഹ്മി ഹൃദയാമൃതമായി വർത്തിക്കുന്നു. മജ്ജാ ധാതുവിനെയും പരിപോഷിപ്പിക്കുന്നു. ചർമവും തലയോട്ടിയും മൃദുലമായി നിലനിർത്താനും സഹായിക്കുന്നു. പെട്ടെന്ന് തന്നെ മുറിവുണക്കാനും സഹായിക്കും.

**ബ്രഹ്മിയുടെ വിശേഷപ്രവർത്തനങ്ങൾ**

1) മനോവഹ സ്രോതസിനെ തുറന്നു കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നു.
2) നല്ല ബുദ്ധിശക്തിയെയും ഓർമ്മശക്തിയെയും സ്ഥിരപ്പെടുത്തുന്നു.
3) മനസിന്റെ ശ്രദ്ധ കേന്ദ്രീകരണശക്തിയെ വർധിപ്പിക്കുന്നു.
4) സമമായ വികാരസ്ഥിതിയെ നിലനിർത്തുന്നു.
5) പകൽ നല്ല ഊർജസ്വലതയും രാത്രിയിൽ നല്ല ഉറക്കവും പ്രദാനം ചെയ്യുന്നു.
6) രക്തകണികകളെ ആരോഗ്യമുള്ളതാക്കി നിലനിർത്തുന്നു.

**ബ്രഹ്മിയുടെ ഉപയോഗങ്ങൾ**

1) ബ്രഹ്മിഓയിൽ : പുറമേപുരട്ടുന്നത് ആരോഗ്യമുള്ള ചർമത്തെ നിലനിർത്താനും, സന്ധികളുടെ അനായാസമായ ചലനങ്ങളെ നിലനിർത്താനും സഹായിക്കും. ഈ ഓയിൽ തലയിൽ തേച്ചു കുളിച്ചാൽ മുടിയുടെ വളർച്ച ത്വരിതമാകും. ഒപ്പം ബുദ്ധിശക്തി വർധിക്കുകയും ചെയ്യും.
2) ബ്രഹ്മിയുടെ കൽകം പുറമേ പുരട്ടുന്നത് ചർമത്തിന് നല്ലതാണ്.
3) ബ്രഹ്മിയുടെ കഷായവും, ശീതകഷായവും മനസിന് ഉണർവിനെ ഉണ്ടാക്കാൻ സഹായിക്കുന്നു.
4) ബ്രഹ്മി നെയ്യ് കാച്ചി കുടിച്ചാൽ മാനസിക പിരിമുറുക്കങ്ങളെ ചെറുക്കാനാകും.
5) ബ്രഹ്മി പാലിൽ കാച്ചി കുടിച്ചാൽ എല്ലാ ശാരീരികാവയവങ്ങളും കൂടുതൽ പ്രവർത്തനക്ഷമമാകുന്നു.

**അടുക്കളപ്രയോഗങ്ങൾ**

1) അപസ്മാരത്തിനു 125 mg ബ്രഹ്മീചൂർണം തേനിൽ ചാലിച്ചു കഴിച്ചാൽ അത്യുത്തമമാണ്.
2) ബ്രഹ്മിയുടെ 5 ഇല എടുത്തു സ്വരസമുണ്ടാക്കി തേനിൽ ചാലിച്ചു സേവിച്ചാൽ ശിരസ്സിനു ഉത്തമമായ അമൃത് ആയിരിക്കും.
3) മലദ്വാരം പുറത്തേക്കു തള്ളിവരുന്ന അസുഖത്തിന് 125 mg ചൂർണം നെയ്യിൽ ചേർത്ത് 2 നേരം കഴിച്ചാൽ ശമനം കിട്ടും.

ഇങ്ങനെയെല്ലാം നോക്കുമ്പോൾ 'ബ്രഹ്മി' എന്ന ദിവ്യ ഔഷധം തലച്ചോറിനു മാത്രമല്ല ശരീരത്തിന് മുഴുവനും അമൃതും ബൂസ്റ്ററുമാണ്.



അഗ്രിഫെസ്റ്റിൽ പങ്കെടുക്കുന്ന ശാന്തിഗിരി വിദ്യാഭവൻ വിദ്യാർത്ഥികൾ

# അഗ്രി ഫെസ്റ്റിൽ ശാന്തിഗിരി വിദ്യാഭവനും

**പാലക്കാട്:** പട്ടാമ്പി മറിയുമ്മ മെമ്മോറിയൽ സ്കൂളിൽ വച്ചു നടക്കുന്ന ആൾ സ്കൂൾ അഗ്രി ഫെസ്റ്റിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ജനുവരി 19 ന് ആരംഭിച്ച പരിപാടി ഇന്ന് സമാപിക്കും. സെമിനാർ, ക്വിസ്, പെയിന്റിംഗ്,ഗ്രൂപ്പ് സോംഗ്, ഫോക് ഡാൻസ്, എന്നീ വിഭാഗങ്ങളിലായി അനന്തകൃഷ്ണൻ എം, ഗൗരിശങ്കർ, ദേവു എസ് എസ്, നന്ദഗോപൻ, കിരൺ പി, ജിഷ്ണു എസ് കുമാർ, നന്ദന മനോജ്, നയന മനോജ്, ശാന്തിപ്രിയ റ്റി എസ്, ദേവിക ജി, ഗുരുവന്ദന എ, ബിസ്ന ബി ടി, ഗൗരി ശേഖർ,അനഘ ജെ എസ്, ഗുരുവന്ദന എം എസ് എന്നിവരാണ് അഗ്രി ഫെസ്റ്റിൽ പങ്കെടുക്കുന്നത്.



ശാന്തിഗിരി കിന്റർഗാർട്ടനുള്ള ടെലിവിഷൻ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വിയിൽ നിന്നും ഏറ്റുവാങ്ങുന്നു

# പൗർണ്ണമി ആഘോഷം ഇന്ന്

സ്പിരിച്വൽ സോൺ: മകര മാസത്തെ പൗർണ്ണമി ആഘോഷം ഇന്ന് ആശ്രമത്തിൽ നടക്കും. ഈ വർഷത്തെ ആദ്യത്തെ പൗർണ്ണമിയാണ് ഇന്നാഘോഷിക്കുന്നത്. രാവിലെ പുഷ്പസമർപ്പണവും ഉച്ചയ്ക്ക് ഗുരുപാദവന്ദനവും ഗുരുദർശനവും നടക്കും. രാത്രി കുംഭദീപ പ്രദക്ഷിണവും തുടർന്ന് തട്ടസമർപ്പണവും പൗർണ്ണമി സംഗീതവും ഉണ്ടാകും.

# നെല്ലിക്കാട് റസിഡൻസ് അസോസിയേഷൻ ഉദ്ഘാടനം ജനുവരി 26 ന്

**നെല്ലിക്കാട്:** പ്രദേശവാസികളുടെ വളരെനാളത്തെ സ്വപ്നസാഫല്യമായി നെല്ലിക്കാട് റസിഡൻസ് അസോസിയേഷൻ രൂപീകൃതമാകുകയാണ്. ജനുവരി 26 വൈകുന്നേരം 4.30ന് നെല്ലിക്കാട് ഖാദരീയ യത്തീംഖാന ഗ്രൗണ്ടിൽ വച്ച് അസോസിയേഷന്റെ ഉദ്ഘാടനം മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് സുജാത നിർവ്വഹിക്കും.

റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് പ്രസാദ് എം കാശിനാഥ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ ഷാജി എസ് ലോഗോ പ്രകാശനം ചെയ്യും. ഖാദരീയ യത്തീംഖാന അറബിക് കോളേജ് ചെയർമാൻ ജനാബ് സൈനിലാബ്ദീൻ മുസലിയാർ ധനസഹായവിതരണം നടത്തും. ആർ സഹീറത്തുബീവി, ശരണ്യ എസ്, അഡ്വ.വി ദേവദത്തൻ, വിജയകുമാരി പി, ജയചന്ദ്രകുമാർ എം, ബൈജുരാജ് ആർ, അബ്ദുൾ ഷുക്കൂർ എം, ഇന്ദ്രകുമാരി എം, രാധാകൃഷ്ണപിള്ള എന്നിവർ സംസാരിക്കും. 6 മണിക്ക് കുട്ടികളുടെ കലാപരിപാടികൾ, 6.30 ന് സന്തോഷ്ബാബു അവതരിപ്പിക്കുന്ന നാടൻ പാട്ട്, 7.30 ന് കരോക്കെ ഗാനമേള എന്നിവയുണ്ടായിരിക്കും.

ഇന്നത്തെ ആധുനിക കാലഘട്ടത്തിൽ അണുകുടുംബങ്ങൾ വരുത്തുന്ന സാമൂഹ്യ കുടുംബ പ്രതിസന്ധികൾക്ക് ഒരളവുവരെ പരിഹാരമുണ്ടാക്കുവാൻ റസിഡൻസ് അസോസിയേഷൻ എന്ന ആശയത്തിലൂടെയും സംവിധാനത്തിലൂടെയും കഴിയും.

വളർന്നുവരുന്ന തലമുറയ്ക്ക് നാടിന്റെ തനതു കലാസാംസ്കാരിക കാർഷിക പൈതൃകങ്ങളെ പകർന്ന് പരിപോഷിപ്പിക്കുന്നതിനും പ്രദേശത്തെ വികസനപരമായ പിന്നാക്കാവസ്ഥ, സഞ്ചാര സൗകര്യങ്ങളുടെ അപര്യാപ്തത, സാമൂഹിക സുരക്ഷാ പ്രശ്നങ്ങൾ തുടങ്ങി ഒട്ടനവധി പരാധീനതകളിൽ ഒരുമയോടെ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി സർക്കാർ ഇതര സംവിധാനങ്ങളിലൂടെ വികസനം വരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് നെല്ലിക്കാട് റസിഡൻസ് അസോസിയേഷൻ രൂപീകരിച്ചിരിക്കുന്നത്.



ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ എൻ എസ് എസ് യൂണിറ്റ് ശാന്തിഗിരി കരുണബേബി ക്രഷ് സന്ദർശിച്ച് 'സ്നേഹസമ്മാനം' നൽകിയപ്പോൾ

# തീർത്ഥയാത്ര ആലോചനായോഗം നടന്നു

**നെയ്യാറ്റിൻകര:** ഫെബ്രുവരി 13ന് കന്യാകുമാരി തീർത്ഥയാത്രയുടെ വാർഷികവും പൂജിതപീഠം സമർപ്പണം നെയ്യാറ്റിൻകര ഏരിയ സമ്മേളനവും വിപുലമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ആലോചനാ യോഗം ചേർന്നു. നെയ്യാറ്റിൻകര ഏരിയ ഓഫീസിൽ ജനുവരി 17 ന് നടന്ന യോഗത്തിൽ സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. കെ വേലപ്പൻ, ലക്ഷ്മണൻ. പി, ഡോ. ഹരിദാസ് റ്റി, നന്ദകുമാർ ജെ, ജയകുമാർ.കെ, വിജയൻ.കെ എന്നിവർ സംസാരിച്ചു.

# കുമാരനാശാന് ആദരമൊരുക്കി ശാന്തിഗിരി വിദ്യാഭവൻ



*കുമാരനാശാൻ അനുസ്മരണം ഡോ. ജോർജ്ജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യുന്നു*

**എജ്യുക്കേഷൻ സോൺ:** മഹാകവി കുമാരനാശാന്റെ ചരമവാർഷികം, 'ചിന്താവിഷ്ടയായ സീത'യുടെ ശതാബ്ദി എന്നിവയോടനുബ്ധിച്ച് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'ഓർമ്മകളിൽ ആശാൻ' എന്ന പരിപാടി നടത്തി. കുമാരനാശാന് അനുസ്മരണമൊരുക്കി സംഘടിപ്പിച്ച സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരൻ ഡോ. ജോർജ്ജ് ഓണക്കൂർ നിർവ്വഹിച്ചു. മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും മഹത്വം പുതിയ തലമുറ മനസ്സിലാക്കേണ്ടതുണ്ട്. ആശാന്റെ കൃതികൾ മനുഷ്യസ്നേഹമാണ് പകർന്നത്. കലാപങ്ങൾ നിറഞ്ഞ ഈ കാലത്ത് ഇത്തരം കാവ്യങ്ങൾ പ്രസക്തമാകുന്നു. അതിനുവേണ്ടിയുള്ള ശാന്തിഗിരി വിദ്യാഭവന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും മലയാള ഭാഷയോടുള്ള ആദരവാണ് ഇത് സൂചിപ്പിക്കുന്നതെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ആശാൻ കൃതികളെക്കുറിച്ചുള്ള ചർച്ച, കൃതികളിലെ പ്രദർശനം, സിമ്പോസിയം തുടങ്ങിയവ ഇതിനോടനുബന്ധിച്ച് നടന്നു.

ആശ്രമം എജ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് ഹെഡ് സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി അധ്യക്ഷനായിരുന്നു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, വൈസ് പ്രിൻസിപ്പൽ സ്മിജേഷ് എസ്.എം, അഡീഷണൽ ജനറൽ കൺവീനർ പി. വിജയകുമാരി, കൺവീനർ എ.ടി ഉമേഷ് ബാബു, ഷാജിഖാൻ എം.എ, ഗോപകുമാർ തുടങ്ങിയവർ സംസാരിച്ചു. ബിന്ദു നന്ദന കൃതജ്ഞത ആശംസിച്ചു.



*ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സംഘടിപ്പിക്കുന്ന 'ശാന്തി' ട്രെയിനിംഗ് പരിപാടിയിൽ നിന്ന്*



*ശാന്തിഗിരി കർഷകസഹായകേന്ദ്രത്തിൽ ഡോ.ഹീര നയിച്ച കൂൺകൃഷി പരിശീലനക്ലാസ്*

## പാചകവാതക ബുക്കിംഗ്

**എജ്യൂക്കേഷൻസോൺ :** ഗൃഹസ്ഥാശ്രമസംഘം ഓഫീസ് വഴി ചെയ്തിരുന്ന പാചകവാതക ബുക്കിംഗ് സൗകര്യം താല്കാലികമായി ലഭ്യമല്ലെന്നറിയിക്കുന്നു. ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ ഗ്യാസ് വേണ്ടവർ സ്വന്തമായി ബുക്ക് ചെയ്യേണ്ടതാണ്. ബുക്ക് ചെയ്യേണ്ട നം. 9961023456






*മികച്ച പ്രവർത്തനത്തിനുള്ള ഉപഹാരം കോട്ടയം ഏരിയ ഓഫീസ് പ്രതിനിധികൾ സ്വാമി സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വിയിൽ നിന്നും ഏറ്റുവാങ്ങുന്നു*

# ത്രൈമാസ റിവ്യൂ മീറ്റിംഗ് നടത്തി

**സ്പിരിചൽ സോൺ:** ശാന്തിഗിരി മെഡിക്കൽ സർവ്വീസസിന്റെ 2018 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ത്രൈമാസ റിവ്യൂ മീറ്റിംഗ് ജനുവരി 16 ന് സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ വച്ച് നടത്തി. തിരുവനന്തപുരം (സിറ്റി), തിരുവനന്തപുരം (റൂറൽ), കൊല്ലം, കോട്ടയം, തൂക്കുപാലം, കുമളി എന്നീ ഏരിയകളുടെ പരിധിയിൽവരുന്ന ആശുപത്രി ചുമതലക്കാരും, ഏരിയ ഓഫീസ് ചുമതലക്കാരും ഈ മീറ്റിംഗിൽ പങ്കെടുത്തു. എസ്.എച്ച്.ആർ.ഒ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. എസ്.എച്ച്.ആർ.ഒ മെഡിക്കൽ സൂപ്രണ്ട് (ആയുർവ്വേദ) ഡോ. ബി രാജ്കുമാർ, അസിസ്റ്റന്റ് ജനറൽ മാനേജർ (മാർക്കറ്റിംഗ്) ഹരീഷ് ആർ, മാനേജർ (അഡ്മിനിസ്ട്രേഷൻ) രാജീവ് എസ്.ജി എന്നിവർ സംസാരിച്ചു. പ്രസ്തുത മാസങ്ങളിൽ നിർദ്ദിഷ്ട ലക്ഷ്യം കൈവരിച്ചതിന് എസ്.എ.എസ്.എച്ച് കോട്ടയത്തിന് ഉപഹാരം നൽകി. കോട്ടയം ഏരിയ ഓഫീസ് മാനേജർ അഖിൽ ജെ.എൽ ഉപഹാരം ഏറ്റുവാങ്ങി.

# പൂജിതപീഠം സമർപ്പണം മധുരൈ റീജിയൺ സമ്മേളനം ഇന്ന്

**മധുരൈ:** പൂജിതപീഠം സമർപ്പണം 2019 – മധുരൈ റീജിയൺ സമ്മേളനം ഇന്നു നടക്കും. ശാന്തിഗിരി ആശ്രമം ആണ്ടാർ കൊട്ടാരം ബ്രാഞ്ചിൽ രാവിലെ 11 മണിക്ക് നടക്കുന്ന സമ്മേളനം തമിഴ്നാട് എം.എൽ.എ ശരവണൻ എസ് ഉദ്ഘാടനം ചെയ്യും. ജനനി ധീര ജ്ഞാനതപസ്വിനി, സ്വാമി അർച്ചിത് ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിദ്ധ്യമാകും. മുൻ എം.പി മുത്തുമണി വിശിഷ്ടാതിഥിയായി പങ്കെടുക്കുന്ന ചടങ്ങിൽ എസ്.എച്.ആർ.ഒ ഡീനും(സിദ്ധ) അഡ്വൈസറുമായഡോ. വി അരുണാചലം മുഖ്യ പ്രഭാഷണം നടത്തും.




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala